പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം.940

06.06.2018-ൽ മറുപടിയ്ക്ക്

## ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;വിശദാംശം നൽകുമോ;<br>(ബി) എത്ര കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) & (ബി) കിഫ്ബി ഫണ്ടിൽ നിന്നും 100 കോടി രൂപ കണ്ടെത്തി ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കോംപ്ലക്സ് തിരുവനന്തപുരം നഗരത്തിൽ കൂടുതൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്ന വിഷയം ഇപ്പോൾ പരിഗണനയിലുണ്ട്. |
| (സി) പ്രസ്തുത പദ്ധതി ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണെന്നും പണം മുടക്കി ദ്രോഹം വരുത്തുന്നതാണെന്നുമുള്ള അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത അഭിപ്രായം പരിഗണിക്കുന്നുണ്ട്. . |
| (ഡി) സാധാരണ ആളുകൾക്ക് എത്തിച്ചേരുവാൻ അസൗകര്യമുള്ള തിരുവല്ലത്ത് ഫിലിം ഫെസ്റ്റിവൽ നടത്തിയാൽ സിനിമ കാണുവാൻ ആളില്ലാത്ത അവസ്ഥ വരുമെന്നും അത് ഫെസ്റ്റിവൽ തന്നെ നിന്നുപോകുന്നതിന് ഇടയാക്കുമെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; | (ഡി) പരിശോധിച്ചു വരുന്നു. |
| (ഇ) ടാഗോർ തീയേറ്റർ വളപ്പിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോ; എങ്കിൽ തിരുവല്ലത്തിന് പകരം പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിക്കുമോ; വിശദമാക്കുമോ; | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ